


# പട്ടം

# Memories Never Die

The Memories never die
The Memories always live in our heart
The memories lead to living
in our heart there are many memories
in our heart filled with good and bad,memories

The sweet memories gave me
endless pleasure
After the years the bad
Memories became the beautiful memories

The memories never die
The child hood go fast
but the child hood memories
always give in our heart.

Our heart is a bank of memories
The memories is our good,
friend it gave the spirit
The memories always with me when i died
my memories live in other's heart
when we committed any mistake
The memories also haunted our life

The memories is the light of the life
No memories
no life

we never kept the god memories

The failure is a good
memory,it leads to
the victory
Every days is a good
memory of the life
till died the memories followed me.

Some memories is a
best experience  in our life
when,we disappoint ,
our self,the memories support to live

# വിദ്യാഭ്യാസവും വിവരസാങ്കേതികവിദ്യയും

സമൂഹവും വിദ്യാഭ്യാസവും അന്യോന്യം വളരെയേറ ബന്ധപ്പെട്ടിരിക്കുകയാണ്. ഒരു സമൂഹത്തിന്റെ അടിസ്ഥാന ഘടകം വ്യക്തിയാണ്. വ്യക്തിയുടെ ജീവിതനിലവാരം ഉയർത്തുവാൻ തക്കതായ സംഭാവനകൾ നൽകി, ആ തലത്തിലേയ്ക്ക് ഉയർത്തുന്നത് വിദ്യാഭ്യാസമാണ്.

സാമൂഹിക പുരോഗതിയുണ്ടാകാൻ നമ്മെ ഏറ്റവും കൂടുതൽ സഹായിക്കുന്നത് ശാസ്ത്രമാണ്. ശാസ്ത്രം പ്രവർത്തനങ്ങളെ സമയദൈർഘ്യമുണ്ടാക്കുന്ന, കായികാധ്വാനം വേണ്ടവയെ ലഘൂകരിക്കുന്നു. ഒപ്പം പല സംഭാവനകളും നൽകുന്നു. റഷ്യ, അമേരിക്ക എന്നീ രാജ്യങ്ങൾ ഉൾപ്പെടെയുള്ള രാജ്യങ്ങൾ ശാസ്ത്രസാങ്കേതികരംഗത്ത് പുലർത്തിയ താല്പര്യം നമുക്കറിയാവുന്നതാണല്ലോ. ശാസ്ത്രമുന്നേറ്റങ്ങളുള്ള രാജ്യം പുരോഗതി കൈവരിക്കും.

ശാസ്ത്രരംഗത്ത് വിസ്മയാവഹമായ മുന്നേറ്റങ്ങൾക്ക് നാ സാക്ഷ്യം വഹിച്ചു. റേഡിയോയിൽ തുടങ്ങിയ ശാസ്ത്രീയമായ ആശയവിനിമയം പിന്നീട് ടെലിഗ്രാഫിയിലേയ്ക്കും മൊബൈലിലേയ്ക്കും അത് വളർന്നു. ഇപ്പോൾ എവിടെയും അവിഭാജ്യഘടകമാണ് മൊബൈലും ഇന്റർനെറ്റും. വിവരസാങ്കേതിക വിദ്യയിൽ വലിയ വിപ്ലവം സംഭവിച്ചിരിക്കുന്നു. വിരൽത്തുമ്പിൽ ലോകം ഒതുകപ്പെട്ടു കഴിഞ്ഞു. വിരൽത്തുമ്പിലേയ്ക്ക് നമ്മുടെ ആവിശ്യത്തിന് വിജ്ഞാനം നമ്മെ തേടിയെത്തുന്നു. അതാണ് ഇരുപത്തൊന്നാം നൂറ്റാണ്ടിലെ ഏറ്റവും വലിയ അത്ഭുതം

വിവരസാങ്കേതിക വിദ്യയുടെ വളർച്ച.

ഇത്തരത്തിലുള്ള വലിയ വലിയ അവസരങ്ങളാണ് വിവരസാങ്കേതിക വിദ്യ നമുക്കൊരുക്കുന്നത്. കണക്ക കൂട്ടാൻ ചാൾസ് ബാബേജ് കണ്ടെത്തിയ കമ്പ്യൂട്ടർ ഇത്രമാത്രം സ്വാധീനം ജനതയിൽ ഉളവാക്കുമെന്ന് ആരും കരുതിയില്ല. ഈ മേഖലയിൽ ദശലക്ഷകണക്കിന് പേർ ജോലി ചെയ്യുന്നു. രാജ്യപുരോഗതിയിലും ഇതിന് സ്വാധീനമുണ്ട്. ഇതിന്റെ അനന്തമായ സാദ്ധ്യതകൾ അറിയുന്നതിനാലാണ് വിദ്യാഭ്യാസത്തിൽ വിവരസാങ്കേതിക വിദ്യ ഒരു വാഷയമാക്കിയത്. നമുക്ക് ഈ മേഘലയിലെ അടിസ്ഥാന വിഷയങ്ങളാണ് തരുന്നത്. വേണ്ടത്ര കരുതലോടെയും പരിശീലനത്തോടെയും നമുക്ക് കൈകാര്യം ചെയ്യാൻ കഴിഞ്ഞാൽ അത് വളരെ വലിയ നേട്ടം തരും. നമ്മുടെ രാജ്യപുരോഗതിയ്ക്ക്, തൊഴിലിന്, താല്പര്യങ്ങൽക്കായി - IT രംഗത്തെ വിപുലമായ സാധ്യതകളെ ഉപയോഗപ്പെടുത്തുവാൻ സാധിക്കും.

സാങ്കേതികവിദ്യ ഇന്ന് ഏവരുടേയും ജീവിതത്തിൽ ഗണ്യമായ സ്വാധീനം പുലർത്തുന്നു. ഒരു അപ്ലിക്കേഷനെ തന്നെ ദിവസവം എല്ലായ്പ്പോഴും മുഴുകുന്നവരും എല്ലാ ദിവസവും ഉപയോഗിക്കുന്നവരും ഇന്നുണ്ട്. ലഘൂകരിക്കുന്ന രീതിയാണ് ശാസ്ത്രത്തിന്. വിവരസാങ്കേതികവിദ്യ അറിയുക വഴി നമുക്കു മുന്നിൽ വലിയ സാധ്യതകൾ തുറക്കുന്നു. ഇ- ഗവേണൻസ് ആണ് നമുക്ക് മുന്നിലെ ഏറ്റവും വലിയ ഉദാഹരണം. ഗവൺമെന്റും സാധാരണക്കാരും തമ്മിലുള്ള ഇടപാടുകളെ കൂടുതൽ എളുപ്പമാക്കാൻ വിവരസാങ്കേതികവിദ്യയ്ക്ക് സാധിക്കുന്നു. അക്ഷയ കേന്ദ്രങ്ങളും നമുക്ക് സുപരിച്ചിതമാണല്ലോ.

വിദ്യാഭ്യാസം മെച്ചപ്പെട്ട സാങ്കേതികവിദ്യ ഉപയോഗിക്കാനുള്ള കഴിവ് മെച്ചപ്പെടുത്താനും ശ്രമിക്കുന്നു. സാങ്കേതികവിദ്യാ പഠനത്തിന് വിവര സാങ്കേതികവിദ്യ സഹായിക്കും. സാങ്കേതികവിദ്യ ഉപയോഗിക്കാൻ പരിശീലിച്ച വ്യക്തിയ്ക്ക് എളുപ്പം തൊഴിൽ നേടാൻ സാധിക്കും. എല്ലായിടങ്ങളിലും കമ്പ്യൂട്ടറുകൾ ആവശ്യം വന്നേക്കും. അപ്പോൾ അയാൾ അവഗണിക്കപ്പെടില്ല. പ്രോഗ്രാമിങ്, ഗെയിംസ്, റോബോട്ടിക്സ്, ഇലക്ട്രോണിക്സ്, - തുടങ്ങിയ കാര്യങ്ങൾ IT യിൽ ഉൾപ്പെടും. ഇവയുടെ ഭാവിയിലെ സാധ്യതകളെ പറ്റി നമുക്ക് ഊഹിക്കാൻ പറ്റുമല്ലോ. എത്ര പറഞ്ഞാലും അതിശയോക്തി ആകില്ല. നാടിന്റെ വികസനത്തിനുള്ള സുഗമമായ പാതയാണ് IT ഒരുക്കുന്നത്.
പാഠങ്ങൾ ചിത്രങ്ങളായി വരുന്നു. പ്രായോഗിക പാഠങ്ങളാണ് അധികവു

വിഷ്യലൈസ്ഡ് ലേണിംഗ് എന്ന ഫലപ്രദമായ ആശയത്ത, പഠനരീതിയെ, IT അനുസ്മരിപ്പിക്കുന്നതിനാൽ മറ്റു വിഷയങ്ങളെക്കാൾ വൈവിധ്യം IT ക്കുണ്ട്. വൈവിധ്യപരമായുള്ള സവിശേഷകളേക്കാളുപരി ഭാവിയുമായുള്ള മേഘലയുടെ സ്വാധീനമാണ് ഇതിന്റെ കേന്ദ്രബിന്ദു.
എ. പി. ജെ അബ്ദുൾ കലാം തന്നെ ലാളിത്യവും ചുറ്റുചുറുക്കുമുള്ള രീതിയായി IT യെ അംഗീകരിച്ചിട്ടുണ്ട്. അതുകൊണ്ടു തന്നെ ഈ രംഗത്തെ വേണ്ടത്ര പ്രാധാന്യമുള്ളത്
ആയി കണ്ട് നാം ഇതിന് വേണ്ടത്ര ശ്രദ്ധ ഇതിന് നല്കേണ്ടിയിരിക്കുന്നു.വികസിത
രാജ്യങ്ങളുടെ തലങ്ങളിലേയ്ക്ക് നമ്മെ ഉയർത്തുവാൻ നാം ഇതിനെ കണ്ട് പരിഗണിക്കണം.

# A BLACK MAN
# HAVE A WHITE HEART

There is a school in Japan so many kinds of students are study in this school. Children of doctor's, teacher's are studying .In the school VIII standard there are rich students are studied. But in the last bench there is black coloured poor middle class boy every students chasing him and insulting him every day. But he is very clever boy. Every day he is late the comer in the class the routine was continued every teacher's not him and one day when the school is over some teacher want to found the secret behind the late of the boy . They followed him there his short way in his house like a tent . In the house a lady like paralysis .He do not have any guardian like his father in the small tent his mother and he alone .

Everyday he wake up early morning and sell paper to every people that is the only one source of his family . All the story these story hear the teacher's at that time they feel sad and kind. The next day he go to

school all students started chasing in the group there was a leader named John in the all period the John insulting him in the period PT every students go out and played the boy asked John and other students "please join me in the playing"the boy asked. At the time the John replied that boy you are black coloured poor middle class boy Go away. The boy was feel alone. The John and other students play in the near side of the ground .this place was a horror one. In the near the place there is a big path liked hole containing foxes ,snakes,broken glasses ,broken iron pieces etc. Every students played here the place. Teacher warn that Don't go this place But the John and other students not obeyed this instructions. The John not noticed that hole and fell into it. At the time every students go away and John roared in louder voice.

"Oh my God, please help me"

At the time the black boy saw the John. And he helped John from that mysterious hole After that incident John felt sympathetic to the black boy and they become best friends. Then John not insult him again.

So we understand a person without classify anyone in the basis of caste, colour, wealth place of birth etc. In out side their colour was black, but their heart there is a white and kind person.



# ഭൂമി മാതാവ്

വീടിന്റെ മണിമുഴങ്ങുന്ന ശബ്ദം കേട്ടാണ് ഉച്ചമയക്കത്തിലായിരുന്ന അമ്മ എഴുന്നേറ്റത്. കതക് തുറന്നപ്പോൾ വ്യക്തി അമ്മയ്ക്ക് തികച്ചും അപരിചിതൻ തന്നെ.
“ആരാ?” അമ്മ ചോദിച്ചു.
“വിനോദന്റെ വീട് ഇതു തന്നെയല്ലേ?” അയാൾ നിസംശയത്തോടെ ചോദിച്ചു.
“അതെ ഇതാണ്. എന്തു വേണം?” അമ്മ ചോദിച്ചു.
“ഇവിടുത്തെ ഒരു മരം മുറിക്കുന്ന കാര്യത്തെക്കുറിച്ച് സൂചിപ്പിച്ചിരുന്നോ?”.
അമ്മ ഉടനടി പറഞ്ഞു “ഇല്ല”.
“എന്നാൽ ഇവിടത്തെ  തെക്കേ മൂലയിലുള്ള ഒരു മാവ് മുറിക്കണമെന്ന് സാറ് എന്നോട് പറഞ്ഞിരുന്നു. എത്രയും വേഗം വേണം എന്നും പറഞ്ഞു”.
“ഇവിടത്തെ മാവോ?” എന്ന അമ്മയുടെ ചോദ്യത്തിനു മറുപടി പറയുന്നതിനു മുമ്പെ തന്നെ അയാൾ മരം മുറിക്കാനുള്ള ഏർപ്പാട്തുടങ്ങി. അമ്മ അയാളുടെ അടുത്തേക്ക് ചെന്നു പറഞ്ഞു
“ഇത് മുറിക്കരുത്. ഇതു മുറിക്കരുതെന്ന് വിനോദനോട് പറയണം. ഇപ്പല്ലെ ഇങ്ങനെയൊക്കെ ആർഭാഢമായി ജീവിക്കാൻ തുടങ്ങിയത്. പണ്ട് ഒരുപ്പാട് കഷ്ടപ്പാടിലും ദാരിദ്ര്യത്തിലും ഈ മാവ് തുണച്ചിരുന്നു”.
 “എനിക്ക് ഇതിനായി ഒന്നും ചെയ്യാൻ കഴിയുകയില്ല” അയാൾ പറഞ്ഞു.
“പടർന്നു പന്തലിച്ച വൃക്ഷം. നല്ല തേനൂറും മാമ്പഴം എത്ര തിന്നതാ!. അതിന്റെ ഇലപടർപ്പ് കൊണ്ട് അതൊരു പന്തലുണ്ടാക്കിയിരുന്നു. എല്ലാ മാമ്പഴക്കാലത്തും കൃത്യമായി അത് പൂത്തിരുന്നു”. അമ്മയുടെ വാക്കിന് വകവെയ്ക്കാതെ അയാൾ

ജോലി തുടർന്നു. ശക്തിയായ മഴുകൊണ്ട് ഓരോ കൊമ്പും ചെത്തി മാറ്റാൻ തുടങ്ങി. ഓരോ ശക്തിയായ വെട്ടും അമ്മയുടെ നെഞ്ചിൽ ശക്തിയായ ആഗാതമുണ്ടാക്കി. വൈകുന്നേരം മകൻ വന്നപ്പോൾ അമ്മ ചോദിച്ചു
“എന്തിനാ നീയത് വെട്ടിയത് ? നീ ഇങ്ങനെ ക്രൂരപ്രവർത്തികൾ ചെയ്യാൻ തുടങ്ങിയാൽ എന്തു ചെയ്യും? ”.
ഒരു നീണ്ട നിശ്വാസത്തിനുശേഷം അമ്മ തുടർന്നു. “നീ ഈ അമ്മയെ സ്നേഹിക്കുന്നുണ്ടോ?”.
“അതെന്താ അമ്മ അങ്ങനെ ചോദിച്ചത് ? അമ്മയ്ക്കങ്ങനെ തോന്നിയോ ? ജന്മം തന്ന അമ്മയെ ഞാൻ സ്നേഹിക്കാതിരിക്കുമോ”.
“ഈ ഭൂമിയിലെ സർവ്വചരാചരങ്ങൾക്കും ജന്മം നൽകിയ ഭൂമി മാതാവിനെ നീ ഇങ്ങനെ ഉപദ്രവിക്കുന്നതിൽ ഖേദം തോന്നിയിട്ട് ചോദിച്ചതാ” അമ്മ പറഞ്ഞു. വിനോദൻ തുടർന്നു “അത് അവിടെയുള്ളത് ഒരു ശല്യമാ. കഴിഞ്ഞ ആഴ്ച മുഴുവൻ ആ ചുമരിൽ നടത്തിയ അലങ്കാരങ്ങൾ അപ്പാടെ മറച്ചു കളയുന്നത് ആ മാവാ. ഇന്നലെ എന്നോട് ദാസേട്ടൻ ചോദിച്ചു:- അന്റെ വീട്ടില് ഒരാഴ്ച മുഴുവൻ പണിക്കാരെ കണ്ടല്ലോ, എന്താ അവിടെ പണി?. ഈ അലങ്കാരങ്ങൾ ആരും കാണാതെ മൂടി വെയ്ക്കാനുള്ളതല്ലല്ലോ”.
“ഓ ഓ അതാണല്ലേ അപ്പൊ കാര്യം. നിന്റെ ആർഭാടത്തിനായി നീ മുറിച്ചു കളയുന്നത് ഭൂമി മാതാവിന്റെ ഓരോ വരദാനത്തെയുമാണ്.”
അന്നത്തെ സംഭാഷണങ്ങൾ അങ്ങനെ കഴിഞ്ഞു.
പിറ്റേ ദിവസം വിനോദൻ ഓഫീസിൽ പോയ ശേഷം അമ്മ പത്രം വായിക്കാനായി ഇരുന്നു. പത്രത്തിലെ ഒരു വാർത്ത കണ്ട് അമ്മ ഞെട്ടി. വാകമണ്ണിൽ 5 ക്വോറികൾക്ക് പ്രവർത്തിക്കാൻ അനുമതി നൽകിയിരിക്കുന്നു. അമ്മ പത്രം താഴെ വച്ചു പറഞ്ഞു “ദൈവമേ ഇവിടയോ? . കഴിഞ്ഞക്കൊല്ലം സുരേന്ദ്രന്റെ നേതൃത്വത്തിൽ ക്വോറി പ്രവർത്തിച്ചതിന്റെ കഷ്ടപ്പാട് തണത്തിട്ടേയുള്ളൂ. അതിനു മുമ്പ് ഇങ്ങനെയൊരു ദുരന്തം കൂടിയോ”.
ഇത് കേട്ട് പണിക്കു വന്ന സുധാകരൻ പറഞ്ഞു “അതിനെന്താ അമ്മേ! കഴിഞ്ഞ പ്രാവശ്യം ക്വോറി മാത്രമല്ലല്ലോ പ്രശ്നമായത്. ഈ പ്രാവശ്യം അങ്ങനെയൊന്നും ഉണ്ടാവില്ല”.
“സുധാകരാ, കഴിഞ്ഞ പ്രാവശ്യം ക്വോറി പ്രവർത്തിച്ചതാണ് ഭൂമി ചെറുതായി കലുങ്ങിയതിന്  കാരണമെന്ന റിപ്പോർട്ട് നീയും കണ്ടതല്ലേ. പ്രകൃതിയെ അമ്മയെപ്പോലെ കാണണം, സ്നേഹിക്കണം. അപ്പോഴാണ് ഭൂമിയെ അറിയുന്നത്. ഈ തലമുറയിലുള്ള മനുഷ്യർ പ്രകൃതിയെ തന്റെ സ്വകാര്യ താല്പര്യത്തിനായി ദുരുപയോഗം ചെയ്യുന്നു. അതിൽ കൂറ്റൻ കെട്ടിടങ്ങൾ പണിതുയർത്തി തന്റെ

ആർഭാടം മറ്റുള്ളവർക്ക് മുന്നിൽ കാട്ടുന്നു. അതിന് തടസ്സമാകുന്നത് മരങ്ങളായാലും കുന്നുകളായാലും അതിനെ പിഴിതെറിയുന്നു. ഇതിനെല്ലാം ഒരു അന്ത്യം ഉണ്ടാവുമോ ദൈവമേ? ".
“രണ്ടു ദിവസത്തിനകം പണി തുടങ്ങുമെന്നാ കേട്ടത്”. സുധാകരൻ പറഞ്ഞു.
ഇത് പറഞ്ഞ് രണ്ടാം ദിവസം സുധാകരനെ കൊണ്ട്  മരതൈ നട്ടു പിടിപ്പിക്കുകയായിരുന്നു അമ്മ. പെട്ടെന്ന് ഒരു ശബ്ദം കേട്ട് നാടു മുഴുവൻ ഞെട്ടി. ആ കൂറ്റൻ ശബ്ദം കഴിഞ്ഞ വർഷം എല്ലാവരുടെയും ഒരു പേടി സ്വപ്നമായതായിരുന്നു. അത് വീണ്ടും തുടർന്നു.
ആളുകൾ പലഭാഗങ്ങളിലേയ്ക്കായി ഓടാൻ തുടങ്ങി. ഒടുവിൽ ഭൂമി മാതാവ് വീണ്ടും ശോപിച്ചു.
അമ്മ പറഞ്ഞു “സുധാകരാ........ ഇതോടെ നമ്മുടെ അന്ത്യമായിരിക്കും.”

# പ്രകൃതിയുടെ ഘാതകർ മനുഷ്യർ തന്നെ

കുളിർത്തെന്നൽ വാരി പുണർന്ന കാലം
കാർമേഘം മഴയായി പെയ്തകാലം
അരുവികൾ നിറയെ മീൻ നിറഞ്ഞൊരു കാലം
എവിടെയോ ഇന്ന് മാഞ്ഞുപോയി
പ്രകൃതി തൻ സൗന്ദര്യം പറിച്ചെടുത്തു
കാറ്റിൻ സ്വാതന്ത്ര്യം കെട്ടി അടുക്കി വെച്ചു
കെട്ടി വച്ചൊരു പട്ടം പോലെ അത്
വീർപ്പടക്കിക്കാലം കഴിച്ചു  കൂട്ടി
അരുവികൾ എല്ലാം മാഞ്ഞുപോയി
മരതകപൂങ്കാറ്റ് മടങ്ങിപ്പോയ്
 മരങ്ങൾ തൻ ചില്ലകൾ ഒടിച്ചുപ്പോക്കി
എല്ലാം നിന്റെ പ്രവർത്തികൾ മാത്രമായി
ഒരു വാക്കു മാത്രം പറയുവാനായ്
നിന്നോട് ഒരു വാക്കു മാത്രം പറയുവാനായ്
കുളിർത്തെന്നൽ ഇന്നും മടങ്ങിയെത്തും
മരവും പച്ചപ്പും ഇല്ലാതെ നീ
എങ്ങനെ ലോകത്തിൻ പിടിച്ചു നിൽക്കും
ഇനി എങ്ങനെ ഇവിടെ നീ പിടിച്ചു നിൽക്കും
പ്രകൃതി തൻ സൗന്ദര്യം നശിപ്പിച്ചില്ലേ

നീ ജീവിജാലങ്ങളെ മണ്ണടക്കി
ചെയ്ത പാപങ്ങൾക്ക് ശിക്ഷകൾ ഏറ്റുവാങ്ങാൻ
ഇനിയും ജീവിക്കും നീ ഇവിടെ തന്നെ
ഒരു വാക്ക് മാത്രം പറയുന്നു നിന്നോട്
ഇനിയെങ്കിലും നീ കാക്കുക പ്രകൃതിയെ
ഒരു വാക്കു മാത്രം പറഞ്ഞുക്കൊണ്ട്
കുളിർത്തെന്നൽ വീണ്ടും മാഞ്ഞുപോയി
ഇരുട്ടിന്റെ അറയിലായ് മാഞ്ഞുപോയി

# ***സാങ്കേതിക വിദ്യയുടെ കൈപിടിയിൽ***

ആധുനിക ലോകത്തെ വളർച്ച വളരെ വികാസം പ്രാപിച്ചിരിക്കുന്നു. ഇന്നു നാം മനുഷ്യർ അത്യധികം സാങ്കേതിക വിദ്യയ്ക്ക് അധീനരായിരിക്കുകയാണ്. സാങ്കേതിക വിദ്യ മനുഷ്യനിൽ അത്യധികം സ്വാധീനം ചെലുത്തിയിരിക്കുന്നു. മനുഷ്യർ ആധുനിക ലോകത്തിന്റെ ചവിട്ടുപടികളിലൂടെ ഓരോ ദിനവും ഉയർന്നു പൊങ്ങുകയാണ്. വിവരവിനിമവിദ്യയെ നാം അത്യധികം ശ്രേഷ്ഠരായിരിക്കുന്നു. മാനവരാശിയെ തന്നെ അത്യധികം സ്വാധീനിച്ച വിവരസാങ്കേതികവിദ്യ ഇന്നത്തെ മാനവരാശിയുടെ വിദൂരതകളിലേക്കുള്ള ഉയർന്ന ചുവടുവെപ്പാണ്.

വിദ്യാഭ്യാസം അതിന്റെ പൂർണതപ്രാപിച്ചത് വിവരസാങ്കേതികവിദ്യയിലൂടെയാണ്. മനുഷ്യനിലെ തന്നെ ആന്തരികകഴിവുകളെ

പ്പോലും ഒരു പരിധിവരെ പുറത്തുകൊണ്ടുവരുന്നത് ഇന്ന് കമ്പ്യൂട്ടറുകളും ഇന്റർനെറ്റുമാണ്. ഇന്നത്തെ വിദ്യാഭ്യാസ രംഗത്ത് തികച്ചും അതീവ പ്രശസ്തരാണ് കമ്പ്യൂട്ടറും ഇന്റർനെറ്റുമെല്ലാം. മനുഷ്യന്റെ ഓരോ കഴിവുകൾ നാം നമ്മളിൽ നിന്ന് തന്നെ വികസിപ്പിച്ചെടുക്കണം. മാനവരാശിയുടെ തന്നെ ചരിത്രതാളുകളിൽ തന്നെ ഏറ്റവും നിർണ്ണായക സ്ഥാനമാണ് സാങ്കേതിക വിദ്യ വഹിക്കുന്നത്. സാങ്കേതിക വിദ്യ മനുഷ്യന് അത്യധികം സഹായങ്ങൾ പ്രധാനം ചെയ്യുന്നു. മനുഷ്യന് തന്നെ ഏറ്റവും നല്ല സഹായം നൽകികൊണ്ടാണ് ആധുനിക ലോകത്തിന്റെ വളർച്ച.

കമ്പ്യൂട്ടറിലൂടെയും ഇന്റർനെറ്റിലൂടെയും മനുഷ്യൻ അവരുടെ കഴിവുകൾ വികസിപ്പിക്കാൻ നന്നായി പ്രാപ്തരാകുന്നു. വിദ്യാഭ്യാസ മേഖലയിൽ നാം അവലംബിച്ച വിവരങ്ങൾ മനുഷ്യൻ ചരിത്രപുരോഗതിയിലേക്ക് നയിക്കുന്നു. സ്കൂളുകളിലും മറ്റുപല നഗര സംബന്ധമായ ഓഫീസുകളിലും ഇന്ന് കമ്പ്യൂട്ടറും ഇന്റർനെറ്റും തിങ്ങിക്കൂടിയിരിക്കുന്നു. സ്കൂളിലെ ഹൈടെക് സംവിധാനം ഉപയോഗപ്പെടുത്തി അധ്യാപകർ കുട്ടികളിൽ വിദ്യാഭ്യാസ പുരോഗതി വളർത്തിയെടുക്കുന്നു. ഹൈടെക് സംവിധാനം ഒരു പക്ഷേ മനുഷ്യന്റെ ആന്തരികകഴിവുകളുടെ വളർച്ചയ്ക്ക് പ്രയോജനകരമാണ്.

വിദ്യാർത്ഥികളുടെ കഴിവുകൾ തന്നെ വികസിപ്പിക്കുന്നതിനായി IT സംവിധാനവും പ്രൊജക്റ്റർ സംവിധാനവും ഒരുക്കിയിരിക്കുന്നു. മാനവരാശിയുടെ ഉയർന്ന പ്രവർത്തനങ്ങൾ ലോകത്തിന് ഒരു വലിയ വഴിവിളക്കാണ്. എല്ലാത്തരം വിദ്യാഭ്യാസ മേഖലയിലും മാനവരാശി ഉയർന്ന പുരോഗതി പ്രാപിക്കുകയും ലോകത്തിലെ തന്നെ മികച്ച വിദ്യാഭ്യാസ രീതി വിവരസാങ്കേതികവിദ്യയായി തീരുകയും ചെയ്യും. ഗൂഗിൾ സംവിധാനം വിദ്യാർത്ഥികളെ വിദ്യാഭ്യാസ മേഖലയിൽ സഹായിക്കുന്നു.

ഗൂഗിൾ സംവിധാനം പലപലവാക്കുകളുടെയും അർത്ഥങ്ങളെക്കുറിച്ചും ലോകത്തെ ഓരോ പുതിയ കണ്ടുപിടിത്തങ്ങൾ നമ്മെ മനസിലാക്കാനുംസഹായിക്കുന്നു. ഒട്ടുമിക്ക മേഖലകളിലേയും നിറസാന്നിധ്യമാണ് ഇന്റർനെറ്റ്.

# ഉണ്ണിയുടെ തിരിച്ചറിവ്

പക്ഷിക്കൂട്ടങ്ങളുടെ കൂട്ടക്കലമ്പൽ കേട്ടാണ് ഉണ്ണി അന്ന് ഉണർന്നത്. കിളിവാതിൽ തുറന്ന് പുറത്തേക്ക് നോക്കിയപ്പോൾ തെങ്ങോലകൾക്കിടയിലൂടെ പകലോൻ ഉദിച്ചുയരുന്നു. കണ്ണിൽ സൂര്യവെട്ടം നിറഞ്ഞതോടെ ഉണ്ണി കണ്ണു പിൻവലിച്ച് അകത്തേക്ക് പോയി. അമ്മ അടുക്കളയിൽ ഭക്ഷണം പാകം ചെയ്യുന്ന തിരക്കിലാണ്. ഉണ്ണി ഉണർന്നതൊന്നും അമ്മ അറിഞ്ഞിരുന്നില്ല. അമ്മ അടുക്കളയിൽ നിന്ന് ദോശ മറിച്ചിട്ടുകൊണ്ട് ഉണ്ണിയെ നീട്ടി വിളിച്ചു :

"ഉണ്ണീ, എഴുന്നേറ്റോട്ടോ സ്കൂളീ പോവണ്ടേ"

"അമ്മേ ഞാനുണർന്നിട്ടു നേരം ഒരുപാടായി. അമ്മ അറിഞ്ഞിട്ടില്ലേ?".

ഉണ്ണിയുടെ ചോദ്യം അമ്മയെ രസിപ്പിച്ചു. കാരണം ഒരു നാളും സൂര്യോദയം കാണാത്ത ഉണ്ണിയെ ഏഴര വെളുപ്പുള്ളപ്പോൾ തന്നെ കാണാനായി.

അമ്മയെ കഷ്ടപ്പെടുത്താതെ അവൻ  അവന്റെ പ്രഭാത കൃത്യങ്ങളും മറ്റും ഭംഗിയായി നിർവഹിച്ചു. അമ്മ മേശപ്പുറത്ത്  ചായ വെച്ചു. അച്ഛനേയും ചേച്ചിയേയും ഉണർത്താനായി അകത്തേക്ക് പോയി. ഉണ്ണിയ്ക്ക്  ദോശ വലിയ ഇഷ്ടമൊന്നുമില്ലെങ്കിലും അവന് അന്ന് ഇഷ്ടം നടിച്ചായിരുന്നു ഭക്ഷണം കഴിച്ചത്. അമ്മയ്ക്ക് അവന്റെ ഇത്ര വലിയ മാറ്റം അത്രപ്പെട്ടെന്ന് അംഗീകരിക്കാൻ വിഷമമായിരുന്നു. കാരണം, ഇഷ്ടമില്ലാത്ത ഭക്ഷണം ഉണ്ടാക്കിയാൽ തൊട്ടു

നോക്കാത്ത ഉണ്ണി, അമ്മ മുന്നിട്ടിറങ്ങാതെ സ്കൂളിൽ പോവാൻ മടിക്കുന്ന ഉണ്ണി, അവൻ ഇത്ര വലിയ മാറ്റത്തിന് വഴിയൊരുക്കിയാൽ ഒരമ്മ എന്ന നിലയ്ക്ക് അവർ എങ്ങനെ അംഗീകരിക്കും.

അമ്മയെ ബുദ്ധിമുട്ടിക്കാതെ അവൻ അന്ന് സ്കൂളിലേക്ക് വീട്ടിൽ നിന്ന് നേരത്തെ ഇറങ്ങി. വഴിയിൽ കൂട്ടുകാർ കാത്തിരിക്കാറുണ്ടായിരുന്ന ഉണ്ണിയ്ക്ക് അന്ന് കൂട്ടുക്കാരെ കാത്തു നിൽക്കേണ്ടി വന്നു. വഴിയിൽ കാടുപോലെ പരന്നു കിടക്കുന്ന മഞ്ഞനിറമുള്ള സൂര്യകാന്തി പൂവിന് അവനന്ന് പുതിയ പേരിട്ടു "മഞ്ഞപ്പൂവ്" . വശ്യമനോഹരമായ പ്രകൃതിയെ അവൻ അന്നായിരുന്നു കണ്ണു തുറന്ന് കണ്ടത്. “ചക്കിക്കൊത്ത ചങ്കരൻ ” എന്നതുപോലെ ഉണ്ണിക്കൊത്ത സുഹൃത്തുക്കളായിരുന്നു അവന് ലഭിച്ചത്. കാരണം ഉണ്ണിയുടെ മാറ്റം കൂട്ടുക്കാരുടെ മാറ്റത്തിന് വഴിയൊരുക്കി. മറിച്ച് "ഇവനിതെന്തോ പറ്റിയിട്ടുണ്ട്, ഒരുമാതിരി ഭ്രാന്താ ” എന്നൊന്നും പറഞ്ഞ് അവഗണിച്ചെ ഇല്ല. വയൽ വരമ്പിലൂടെ കടന്ന് പോവുമ്പോൾ ജ്വലിച്ചു നിൽക്കുന്ന സൂര്യൻ ഉണ്ണിയോടൊപ്പം യാത്ര ചെയ്യുന്നതു പോലെ ഉണ്ണിയ്ക്ക് തോന്നി. അവൻ ഇടതു കൈ കണ്ണിനു മുകളിൽ മറിച്ചു പിടിച്ച് കണ്ണിറുക്കി ആകാശത്തേക്ക് നോക്കി. സ്വർണ്ണസമാനമായി തിളങ്ങുന്ന സൂര്യൻ! തെങ്ങോലകൾ ഇളം തെന്നലിനൊത്ത് നൃത്തം ചെയ്യുന്നു. പാടവരമ്പായതിനാൽ വീഴാതിരിക്കാനുള്ള ശ്രദ്ധ കൈവിടാതെ അവൻ വക്കിനോട് തൊട്ടുനിൽക്കുന്ന നെന്മണികൾ കൈകൾ കൊണ്ട് തലോടി കടന്നുപോയി. അന്നു വരെ അവൻ കാണാത്ത പുതിയൊരു ലോകം അവനിൽ തുറന്നു വന്നു.

പാടം കടന്ന് കുന്നിൻമുകളിൽ കയറാറായി. അവൻ തിരിഞ്ഞു നിന്ന് വയലിലേക്ക് നോക്കി. "കടൽത്തിരകൾക്ക് സമാനമായി കാറ്റിനോടൊത്ത് ഊഴലാടുന്ന പച്ചത്തിര. ഈ പ്രകൃതി കാണാൻ എന്തൊരു ഭംഗി!” ഉണ്ണി മനസ്സിൽ കരുതി കൊണ്ട് മുകളിലേക്ക് നോക്കി. ആകാശം മുട്ടെയുള്ള നിരയൊത്ത കുന്നുകൾ. പ്രകൃതിയെ ഇത്ര ഭംഗിയോടെ സൃഷ്ടിച്ച കലാകാരനാരാണാവോ എന്നലോചിച്ച് പിറകിലേക്ക് നോക്കിയപ്പോഴേക്കും കൂട്ടുകാർ അരികിലെത്തി. കുന്നിൻ ചെരുവിലൂടെ നടക്കാൻ ഒത്തിരി ബുദ്ധിമുട്ടാണ്. ചെറുതായി അവൻ പ്രകൃതിയെ വെറുത്തു. പക്ഷേ, പെട്ടെന്നാണ് അവൻ മുന്നിലൊരു മനോഹരമായ പനിനീർപൂ കണ്ടത്. പൂ മാത്രം പറിച്ചെടുത്തു അവൻ വേഗത്തിൽ സ്കൂളിലേക്ക് നടന്നു പോയി. സ്കൂളിൽ എത്തിയപ്പോൾ ക്ലാസിൽ ഒറ്റയ്ക്കിരിക്കാനാണ് അവൻ ആഗ്രഹിച്ചത്. കാരണം, കുട്ടികളുടെ കോലാഹലം അവന്റെ സ്വസ്ഥ ചിന്തയെതടസ്സം ചെയ്യ്തിരുന്നു. വിശാലമായ സ്കൂൾ

മൈതാനത്തിലെ വൻ തണൽമരത്തിന്റെ പേര് അവൻ അന്ന് പരിസ്ഥിതി ക്ലബ്ബിന്റെ ചുമതല വഹിക്കുന്ന വിജയൻ മാഷിൽ നിന്നും മനസ്സിലാക്കി "മഹാഗണി". ഉച്ചയ്ക്ക് കൊടും വെയിലിൽ കുട്ടികൾ കണ്ണു പൊത്തി കളിക്കുന്ന മരം. അത്രനാളും ഉണ്ണിയ്ക്ക് വെറുമൊരു കളിമരം മാത്രമായിരുന്നു.

എന്നാൽ, തിരിച്ചറിവിന്റെ ആ ദിനത്തിൽ അത് മഹാഗണിയെന്ന വൻവൃക്ഷമാണെന്നും, പ്രകൃതിയിലെ ഒരുപാട് ജീവജാലങ്ങളുടെ വാസസ്ഥലമാണെന്നും, ആവാസവ്യവസ്ഥയിൽ വലിയ പങ്കുവഹിക്കുന്ന മരമാണെന്നും ഉണ്ണി മനസ്സിലാക്കി.

# അവസാനമായൊരു വാക്ക്

സ്നേഹമെന്തെന്നറിയാത്ത മനുഷ്യരേ
സ്നേഹിക്കാൻ പഠിക്കൂ കുറച്ചെങ്കിലും
സ്നേഹത്തിനർത്ഥമറിയാത്ത മനസ്സേ
സ്നേഹിച്ചു നോക്കൂ ഒരാളെയെങ്കിലും
കിട്ടുന്ന സ്നേഹത്തിൻ പാതിയെങ്കിലും
തിരികെ കൊടുക്കാൻ ശ്രമിക്കൂ ഒരാൾക്കെങ്കിലും
സ്നേഹിക്കൂ നിങ്ങൾ തൻ സോദരെ
സ്നേഹിക്കൂ നിങ്ങൾ തൻ ലോകത്തെ
നീറി പുകയുന്ന ഹൃദയമേ നിന്നുടെ വേദന
അകറ്റുവാൻ കഴിഞ്ഞേക്കാം കുറച്ചെങ്കിൽ
സ്നേഹത്തെക്കാൾ നല്ലൊരു മരുന്ന്
വേറെന്താണീ ഉലകിൽ
കാപട്യം നിറഞ്ഞൊരീ ഭൂമിയിൽ
സ്നേഹം നടിക്കും മനുഷ്യരേ
സ്നേഹിക്കാൻ ശ്രമിക്കൂ കുറച്ചെങ്കിലും
എന്നൊരു വാക്ക് മാത്രം
പ്രകൃതിയാം അമ്മയെ ചൂഴ്ന്നു തിന്നുന്ന
ക്രൂരരാം മക്കളേ നിങ്ങൾ
പ്രകൃതിയിലുള്ളെതും നശ്വരമെന്നറിയുക നീ
അതും നിന്റെ സ്വത്താവാം പണമാവാം

രമ്യഹരണമാവാം
ഇന്നു നീ പ്രകൃതിയെ കൊല്ലുന്നു തിന്നുന്നു
ഒരു നാൾ പ്രകൃതി നിന്നോട് ചോദിക്കും
ഞാനിന്നു നിന്നെ തിന്നോട്ടെ
അന്നു നീ വെള്ളപ്പട്ടാൽ പൊതിഞ്ഞ്
ഭൂമിയ്ക്ക് ഭക്ഷണമാവും
നിൻ പണവും പദവിയും ബാക്കിയാക്കി
നീ തനിച്ചാ അജ്ഞാത ലോകത്തേക്ക് മറയും
ഭൂമിയെ കൊല്ലുന്ന മനുഷ്യാ
ആസ്വദിക്കു പ്രകൃതി തൻ സൗന്ദര്യം
എന്നൊരു വാക്ക് മാത്രം
പണ്ട് കിടക്കാൻ ഒരു പായില്ല
പണമില്ല പ്രശസ്തിയില്ല
ഉണ്ടായിരുന്നതിത്ര മാത്രം
കറയറ്റ സ്നേഹവും കളങ്കമില്ലാ മനസ്സും മാത്രം
ഇന്നു പണമുണ്ട് പ്രശസ്തിയുണ്ട്
അതിലേറെ അഹങ്കാരമുണ്ട് പാരിൽ
ഇല്ലാത്തതിത്ര മാത്രം കറയറ്റ മനസ്സും
ഒരു പിടി സ്നേഹവും മാത്രം
കാലമേ നീയെന്തു മാന്ത്രികൻ
സ്നേഹമറിയാത്ത മനുഷ്യാ നിന്നോട്
അവസാനമായി ഒരു വാക്ക് മാത്രം... ഒരു വാക്ക് മാത്രം....